
പദ്ധതിയുമായി പരിചയപ്പെടുക — 8

# വ്യവസായ വികസനം



പബ്ളിക്കേഷൻസ് ഡിവിഷൻ

1962 ഏപ്രിൽ 1962 April

1884 ചൈത്രം 1884 Chaitra

# INDUSTRIAL DEVELOPMENT

(Malayalam)

Published by the Director, Publications Division, Delhi-6.
and Printed at Janatha Press, Madras-5.

# വ്യവസായവികസനം

'യഥാർത്ഥ പുരോഗതി വ്യവസായവൽക്കരണത്തെ ആശ്രയിച്ചിരിക്കുന്നു; വ്യവസായവൽക്കരണമാകട്ടെ വൻകിട വ്യവസായങ്ങളേയും. ജീവിതത്തോതുയർത്തണമെങ്കിൽ, നമ്മുടെ ദേശീയസ്വാതന്ത്ര്യം പരിരക്ഷിക്കണമെങ്കിൽപോലും, ഘനവ്യവസായങ്ങൾ കൂടിയേ കഴിയൂ.'

— ജവഹർലാൽ നെഹ്റു 1954 ഡിസമ്പർ 21-ാംനു പാർലിമെൻറിൽ ചെയ്ത പ്രസംഗത്തിൽ —

ഏതാണ്ട് 25 വർഷത്തിനു മുൻപ്, സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കേ, ദേശീയനേതാക്കന്മാർ ഒരു ആസൂത്രണ സമിതി രൂപീകരിക്കുകയുണ്ടായി. രാജ്യപുരോഗതിയിൽ വ്യവസായത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് ഈ സമിതി ഊന്നിപ്പറഞ്ഞു. അന്നേതന്നെ വ്യവസായവികസനത്തിന്ന് അത്രമാത്രം മുൻഗണന നൽകാനും പഞ്ചവത്സരപദ്ധതികളിൽ വ്യവസായവികസനപരിപാടികൾക്ക് പ്രാധാന്യം നൽകാനും എന്താണ് കാരണം ?

കാരണങ്ങൾ പലതാണ്. ഒന്നാമതു് കൃഷികൊണ്ടു പോററാൻ കഴിയുന്നവരുടെ സംഖ്യക്ക് ഒരു പരിധിയുണ്ട്. ഇപ്പോൾതന്നെ അതു് പരിധി കവിഞ്ഞിരിക്കുന്നു. കാർഷികരംഗത്തുനിന്ന് കഴിയുന്നിടത്തോളമാളുകളെ വ്യവസായമേഖലയിലേക്ക് മാറേറണ്ടതാവശ്യമാണ്. വ്യവസായവൽക്കരണത്തിലൂടെ വേണം ഇതു് സാധിക്കാൻ.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഇന്ത്യയിലെ വ്യവസായപുരോഗതി തികച്ചും നിരാശാജനകമായിരുന്നു. ഇവിടെ വൻതോതിൽ വ്യവസായങ്ങൾ വളരാനനുവദിക്കുന്നതു് തങ്ങളുടെ

സ്വന്തം താൽപര്യത്തിന്ന് എതിരാണെന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി. ഇന്ത്യയെ ബ്രിട്ടീഷ് വ്യവസായോൽപന്നങ്ങൾക്കുള്ള ഒരു കമ്പോളമാക്കി വെച്ചുകൊണ്ടിരിക്കാനാണ് അവർ ആഗ്രഹിച്ചതു്. ജാംഷെട്ജി ടാററാ തുടങ്ങിയ വ്യവസായപ്രമുഖക്ക് വളരെയധികം പ്രാതികൂല്യങ്ങളെ നേരിട്ടുകൊണ്ടുവേണ്ടിയിരുന്നു വ്യവവസായങ്ങൾ തുടങ്ങാൻ. ഇത്തരം സംരംഭങ്ങളിൽ അവക്ക് ധാർമ്മികവും പ്രയോജനപ്രദവുമായ പിൻതുണ നൽകിയതു് ദേശീയപ്രസ്ഥാനമാണ്. ഇന്ത്യാക്കാർ ആരംഭിച്ച ഏതാനും വ്യവസായങ്ങളെ, ബ്രിട്ടൻ മററു പാശ്ചാത്യരാജ്യങ്ങൾ, എന്നിവിടങ്ങളിലെ സുസ്ഥാപിതവ്യവസായങ്ങളുടെ വെല്ലുവിളിയിൽനിന്നും മത്സരത്തിൽ നിന്നും ആദ്യഘട്ടങ്ങളിൽ രക്ഷിക്കേണ്ടതാവശ്യമായിരുന്നു. നാടൻ വ്യവസായോൽപന്നങ്ങളുമായി മത്സരിക്കുന്ന ഇറക്കുമതിച്ചരക്കുകളുടെ മേൽ സംരക്ഷണനികുതികൾ ഏർപ്പെടുത്താൻവേണ്ടി പ്രക്ഷോഭണം നടത്താൻ ദേശീയപ്രസ്ഥാനത്തെ പ്രേരിപ്പിച്ചതു് ഈ വസ്തുതയാണ്. ബ്രിട്ടീഷ് ഭരണാധികാരികൾ ചിലപ്പോഴെല്ലാം ഈ സമ്മർദ്ദത്തിനു വഴിപ്പെടാൻ നിർബ്ബന്ധിതരായിത്തീന്നിരുന്നു.

സ്വാതന്ത്ര്യം ലഭിച്ച കാലത്തു് വ്യാവസായികമായി അവികസിതമായൊരു നിലയായിരുന്നു ഭാരതത്തിൻേറതു്. ഇരുമ്പ്, കല്ക്കരി തുടങ്ങിയവയുടെ നിക്ഷേപം ധാരാളം ഇന്നാട്ടിലുണ്ടെങ്കിലും ഉരുക്കുവ്യവസായം ശൈശവദശയിലായിരുന്നു. നാട്ടിലങ്ങോളമിങ്ങോളമുള്ള നദികളുടെ സഹായത്തോടെ ധാരാളം വിദ്യുച്ഛക്തി ഉൽപാദിപ്പിക്കാനുള്ള സാധ്യതകളുണ്ടായിരുന്നെങ്കിലും അതു് വേണ്ടത്ര പ്രയോജനപ്പെടുത്തിയിരുന്നില്ല. കഷ്ടിച്ച് 20 ശതമാനമാളുകൾക്കു മാത്രമേ വ്യവസായങ്ങളിൽ തൊഴിൽ ലഭിച്ചിരുന്നുള്ളു. 80 ശതമാനം ആളുകളുടെ ഉപജീവനമാർഗ്ഗം കൃഷിയായിരുന്നു. ഇതിൽ ചെറി

യൊരു വിഭാഗത്തിനു മാത്രമേ കൃഷിയിൽനിന്നു് ജീവിക്കാനുള്ള വക കിട്ടിയിരുന്നുള്ളൂ. വ്യവസായങ്ങൾ വികസിപ്പിച്ചു് കൂടുതൽ ആളുകൾക്കു് ജീവനോപായങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാവശ്യമായിത്തീർന്നു. കാർഷികരംഗത്തുനിന്നു് കുറെപ്പേരെ വ്യവസായരംഗത്തിലേക്കു് തിരിച്ചാൽ കൃഷിപ്രവൃത്തിചെയ്യുന്നവരുടെ ജീവിതത്തോതുയർത്താനും സാധിക്കും.

വ്യാവസായികവികസനത്തിലൂടെ മാത്രമേ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമുള്ളവരുടെ ജീവിതത്തോതുയർത്തുക സാധ്യമാകൂ. ഉടുപ്പുകെട്ടിനുള്ള വസ്ത്രവും കെട്ടിടനിർമ്മാണത്തിനുള്ള സിമൻറും വ്യവസായങ്ങൾക്കും മററുമാവശ്യമായ വിദ്യുച്ഛക്തിയും ട്രാൻസ്പോർട്ടിനുള്ള ട്രക്കുകളും റെയിൽവേ വാഗണുകളും ലിഫ്ട് ഇറിഗേഷനുള്ള പമ്പും കൃഷിക്കുവേണ്ട വളവും യന്ത്രസാമഗ്രികളുണ്ടാക്കുന്ന യന്ത്രങ്ങളും ടെലിഫോണും ഔഷധങ്ങളും ഗ്രാമഫോണും റേഡിയോയുമെല്ലാം ആധുനികവ്യവസായങ്ങളുടെ സംഭാവനകളാണു്. അതുകൊണ്ടാണു് വ്യവസായവൽക്കരണമില്ലാതെ ജീവിതത്തോതുയർത്തുക സാധ്യമല്ലെന്നു പറഞ്ഞതു്.

കൂടുതൽ തൊഴിലുണ്ടാക്കാനും പുതിയ പുതിയ സാധനങ്ങൾ നിർമ്മിക്കാനും പ്രയോജനപ്പെടുന്നതിനു പുറമെ വ്യവസാങ്ങൾ മറെറാരു സേവനംകൂടി നിർവ്വഹിക്കുന്നു. ആധുനികലോകത്തിൽ ഒരു രാജ്യത്തിൻെറ പ്രതിരോധശക്തി ആ രാജ്യത്തിൻെറ വ്യാവസായികശേഷിയെ ആശ്രയിച്ചാണിരിക്കുന്നതു്. നമ്മുടെ സ്വാതന്ത്ര്യം പരിരക്ഷിക്കാനും ഒരു ലോകമഹായുദ്ധമുണ്ടായാൽ തന്നെ അതിൽനിന്നൊഴിഞ്ഞുനില്ക്കാനും വ്യവസായസ്വയംപര്യാപ്തി നേടേണ്ടതാവശ്യമാണു്. വ്യവസായങ്ങൾക്കുവേണ്ട യന്ത്രസാമഗ്രികളും സായുധസേനക്കാവശ്യമുള്ള സാധനങ്ങളും നിർമ്മിക്കാൻ കഴിയാത്തിടത്തോളം ഒരു രാജ്യത്തെ വ്യാവസായികസ്വയംപര്യാപ്തതയുള്ളതായി കരുതി

ക്കുടാ. സ്വാതന്ത്ര്യത്തിനുമുമ്പ് പ്രതിരോധത്തിന്നു വേണ്ട ഉപകരണങ്ങളോ യന്ത്രസാമഗ്രികളോ നിർമ്മിക്കാനുള്ള കഴിവ് നമ്മുടെ വ്യവസായങ്ങൾക്കുണ്ടായിരുന്നില്ല. വളരെയധികം തുണിമില്ലുകളുണ്ടായിരുന്നെങ്കിലും അവയ്ക്കുള്ള യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുകയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ



ഉപഭോഗവസ്തുക്കൾ നിർമ്മിക്കുന്ന ചില വ്യവസാനങ്ങളല്ലാതെ അടിസ്ഥാനവ്യവസായങ്ങളോ ഘനവ്യവസായങ്ങളോ നമ്മുടെ നാട്ടിൽ വളർന്നിരുന്നില്ല.


എന്നാൽ കഴിഞ്ഞ പത്തു വർഷംകൊണ്ട്, ഉരുക്ക്, തീവണ്ടി എഞ്ചിൻ, വൈദ്യതോപകരണങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ നിർമ്മിക്കുന്ന അടിസ്ഥാനവ്യവസായങ്ങൾ പലതും സ്ഥാപിക്കാൻ നമുക്കു സാധിച്ചു. ഇതു് അതിപ്രധാനമായൊരു നേട്ടമാണ്. വിഷമകരമായ പരിതഃസ്ഥിതിയിലാണ് ഈ വ്യവസായങ്ങൾ ആരംഭിച്ചതെന്നുള്ളതുതന്നെ ആ നേട്ടങ്ങളുടെ മഹനീയത വർദ്ധിപ്പിക്കുന്നു.

പല വ്യവസായങ്ങളിലും യന്ത്രസാമഗ്രികൾ രണ്ടാം യുദ്ധകാലത്തെ അധികപ്പണിമൂലം അററകുററങ്ങൾ സംഭവിച്ചവയായിരുന്നു. മിക്ക വ്യവസായങ്ങളിലും ഉൽപ്പാദനം കുറഞ്ഞു. തുണി, പഞ്ചസാര, എന്നുതുടങ്ങി നിത്യോപയോഗത്തിനാവശ്യമായ സാധനങ്ങൾതന്നെ ദുർല്ലഭമായി. ഭക്ഷ്യം ധാന്യവിലകടകളും ഇല്ലായിരുന്നെങ്കിൽ വിഷമത വർദ്ധിക്കുമായിരുന്നു. വിഭജനം മുതൽ പുതിയ പ്രശ്നങ്ങൾ തലപൊക്കി. ചണയും പരുത്തിയും വിളയുന്ന സ്ഥലങ്ങൾ മിക്കവാറും പാക്കിസ്ഥാനിലായി. അങ്ങിനെ തുണിമില്ലുകൾക്കും ചണവ്യവസായത്തിനും അസംസ്കൃതസാധനങ്ങൾ കിട്ടാൻ ബുദ്ധിമുട്ട നേരിട്ടു. തീ പിടിച്ച വിലകൊട്ടത്തു് പ്രതിവഷം 10 ലക്ഷം കെട്ട് പരുത്തിയും ഒട്ടധികം ചണയും പാക്കിസ്ഥാനിൽനിന്നു വാങ്ങേണ്ടിവന്നു. എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചു. വ്യവസായതൊഴിലാളികളുടെ ഇടക്ക് അസ്വാസ്ഥ്യം പടന്നുപിടിച്ചു. വർദ്ധിച്ചുവന്ന പണിമുടക്കങ്ങൾ ഉൽപ്പാദനത്തെ സാരമായി ബാധിക്കുകയുണ്ടായി.

ഉൽപ്പാദനം വദ്ധിപ്പിക്കുകയെന്നതായിരുന്നു അടിയന്തിരമായ ആവശ്യം. അതനുസരിച്ച് 1951-ൽ ആരംഭിച്ച ഒന്നാം പദ്ധതിയിൽ നിലവിലുള്ള വ്യവസായഘടകങ്ങളിൽനിന്ന് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ നടപ്പാക്കി. തുണി, പഞ്ചസാര, സോപ്പ്, വനസ്പതി തുടങ്ങിയ പല വ്യവസായങ്ങളിലും ഉൽപ്പാദനശേഷി പൂണ്ണമായി പ്രയോജനപ്പെട്ടത്തിയിരുന്നില്ല. ആ കുറവു പരിഹരിക്കാൻ ഗവണ്മേൻറു് തീരുമാനിച്ചു. അതിന്നുവേണ്ടി യന്ത്രങ്ങൾ, ഉരുക്ക്, തുടങ്ങിയവ നിമ്മിക്കുന്ന ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടു. ഇവയിൽ പലതും സർക്കാർ ഉടമയിലാണ് ആരംഭിച്ചതു്. ചില പരിപാടികൾ സ്വകാര്യവ്യവസായികൾ നട

പ്പാക്കി. ഒന്നാം പദ്ധതിക്കാലത്തു് വ്യവസായങ്ങളും ഖനനവും അഭിവൃദ്ധിപ്പെടുത്താൻവേണ്ടി 307 കോടി രൂപാ ചിലവാക്കി — ഗവണ്മെൻറു് 74 കോടി രൂപായും സ്വകാര്യവ്യവസായികൾ 233 കോടി രൂപായും.


ഒന്നാം പദ്ധതികൊണ്ടു് എന്താണു് നാം നേടിയതു്? പൊതുവെ പറഞ്ഞാൽ നമ്മുടെ വ്യാവസായികോൽപ്പാദനം 39 ശതമാനം വർദ്ധിച്ചു. സ്വകാര്യമേഖലയിൽ തുണി, പഞ്ചസാര, വനസ്പതി, സിമൻറു്, കടലാസ്, സൈക്കിൾ,



തയ്യൽമിഷീൻ, ഡീസിൽഎഞ്ചിൻ, ബാറ്ററി, റേഡിയോ തുടങ്ങിയവയുടെ ഉൽപ്പാദനം അഭിവൃദ്ധിപ്പെട്ടു. ഒന്നാം പദ്ധതിക്കാലത്തു് വിദേശക്കമ്പനികൾ മൂന്നു് എണ്ണ ശുദ്ധീകരണശാലകൾ ആരംഭിച്ചു. അങ്ങിനെ ക്രൂഡായിൽ ശുദ്ധീകരണശേഷി ഗണ്യമായി വർദ്ധിക്കുകയുണ്ടായി.


പൊതുമേഖലയിൽ ദേശീയപ്രാധാന്യമുള്ള പല വ്യവസായങ്ങളും ആരംഭിക്കപ്പെട്ടു. വളം, തീവണ്ടി എഞ്ചിൻ, ടെലിഫോൺ, കേബിൾ, ഡി. ഡി. ററി, പെൻസിലിൻ, യന്ത്രോപകരണങ്ങൾ, പത്രക്കടലാസ്, തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായങ്ങളായിരുന്നു അവ.

ഒന്നാം പദ്ധതിക്കാലത്താരംഭിച്ച വൻകിട വ്യവസായങ്ങളുടെ കൂട്ടത്തിൽ കപ്പൽനിർമ്മാണവും വിമാനനിർമ്മാണവും



ഉൾപ്പെടുന്നു. സ്വാതന്ത്ര്യം ലഭിച്ചകാലത്തു് നമുക്കു സ്വന്തമായി വളരെക്കുറച്ചു കപ്പലുകളേയുണ്ടായിരുന്നുള്ളു. കയററുമതിയിലും ഇറക്കുമതിയിലും വിദേശക്കമ്പനികളെ ആശ്രയിക്കേണ്ടതായിട്ടാണിരുന്നതു്. 1948-ലാണു് സമുദ്രതരണത്തിനുതകുന്ന ആദ്യത്തെ കപ്പൽ കടലിലിറക്കിയതു്. പിന്നീടു് പല കപ്പലുകളും നിർമ്മിക്കപ്പെട്ടു. ബാംഗ്ലൂരിലെ ഹിന്ദുസ്ഥാൻ വിമാനനിർമ്മാണശാലയിൽ വിമാനനിർമ്മാണം തുടങ്ങി. അടിസ്ഥാനവ്യവസായങ്ങൾ ദേശീയപ്രാധാന്യ

മുള്ളവയായിരുന്നതുകൊണ്ട് സക്കാറിൻെറ ആഭിമുഖ്യത്തിലാ യിരിക്കണമെന്നു് ഗവർമ്മേണ്ട് തീരുമാനിച്ചു. എന്നാൽ



ഗവണ്മേൻറിനും സ്വകാര്യ ഉടമകൾക്കും പങ്കെടുക്കാവുന്നവ യായി ഒരു വിഭാഗം വ്യവസായങ്ങളുണ്ട്. ബാക്കിയുള്ള മിക്കവാറും വ്യവസായങ്ങൾ സ്വകാര്യമേഖലയിലാകാവുന്നവ യാണു്. എന്നാൽ സ്വകാര്യവ്യവസായങ്ങളുടെ നടത്തിപ്പ് പൊതുതാൽപ്പര്യത്തിന്നു് എതിരായിപ്പോകാത്തവിധം നിയ ന്ത്രണങ്ങൾ ഏർപ്പെടുത്താൻ സക്കാറിന്നു് അവകാശമുണ്ടാ യിരിക്കും. ഉദാഹരണത്തിന്നു് ഗവണ്മേൻറിൻെറ അനുവാ

ദംകൂടാതെ പുതിയ വ്യവസായങ്ങളൊന്നും തുടങ്ങാൻ പാടി ല്ലെന്നു് വ്യവസ്ഥ ചെയ്തിരിക്കുന്നു. നമ്മുടെ പരിമിതമായ വിഭവശേഷികൾ അത്യാവശ്യമുള്ള വ്യവസായങ്ങൾക്കു് വേണ്ടിയല്ലാതെ വിനിയോഗിക്കപ്പെട്ടരുതെന്ന കരുതലാണു് ഈ നിയന്ത്രണത്തിന്നു് പിന്നിലുള്ളതു്. സ്വത്തും അധികാരവും ഏതാനും വ്യവസായികളുടെ കൈവശം കുമിഞ്ഞുകൂടാതിരിക്കാൻവേണ്ടി പല നിയമങ്ങളും ഗവണ്മേൻറു് നടപ്പാക്കി. പൊതുമേഖലയേയും സ്വകാര്യമേഖലയേയും സംബന്ധിച്ച പൊതുവായ ഈ സമീപനരീതി ആദ്യംമുതൽ തുടൻവരികയാണു്. രാഷ്ട്രത്തിന്റെ ലക്ഷ്യം സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള ഒരു സാമൂഹ്യക്രമം സൃഷ്ടിക്കുകയാണെന്നു് 1954-ൽ പാർലമെൻറു് പ്രഖ്യാപിച്ചതോടെ പൊതുമേഖലയുടെ പ്രാധാന്യം കുറെക്കൂടി വർദ്ധിക്കുകയുണ്ടായി.

ഒന്നാം പദ്ധതിക്കാലത്തു് രൂപീകരിച്ച വ്യവസായനയത്തിൻെറ മറെറാരു പ്രധാന ലക്ഷ്യം രാജ്യത്തിൻെറ എല്ലാ പ്രദേശങ്ങൾക്കും സമതുലിതമായ വളർച്ച കൈവരുത്തുകയെന്നതാണു്. ജനങ്ങൾ ഒരുപോലെ പുരോഗമിക്കണമെങ്കിൽ വ്യവസായങ്ങൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമായി സ്ഥാപിക്കപ്പെടണം. ഒന്നാംപദ്ധതി ആരംഭിക്കുന്നതിന്നു മുമ്പു് വൻകിട വ്യവസായങ്ങൾ ചില പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കയായിരുന്നു. അതു് പലവിധത്തിലുള്ള സാമൂഹ്യസാമ്പത്തികവൈഷമ്യങ്ങളും സൃഷ്ടിച്ചു. പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിലുള്ളവർക്കു് തങ്ങൾ അവഗണിക്കപ്പെട്ടതായി പരിഭവവും പരാതിയുമുണ്ടായി. വ്യാവസായികമായി അഭിവൃദ്ധി പ്രാപിച്ച സ്ഥലങ്ങളിലേക്കു് തൊഴിലാളികൾ പ്രവഹിക്കുന്നു. അപ്പോൾ ഭവനദൌർലഭ്യം ഒരു പ്രശ്നമായിത്തീരും. പള്ളച്ചേരികൾ ഉയൻവരാൻ തുടങ്ങും. വേറെയുമുണ്ടു് വൈഷമ്യങ്ങൾ. കൽ

ക്കരി, പരുത്തി, ചണ, കരിമ്പ്, തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ദൂരദിക്കുകളിൽനിന്നും വ്യവസായ കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരിക, അവിടെനിന്ന് ഉൽപ്പന്നങ്ങൾ മററു സ്ഥലങ്ങളിലേക്കയക്കുക, ഇതെല്ലാം പല തരത്തിലുള്ള അസൗകര്യങ്ങൾക്കിടവരുത്താതിരിക്കയില്ല. ട്രാൻസ്പോർട്ട് വൈഷമ്യമാണ് പ്രധാനം. വ്യവസായങ്ങൾ വിവിധ കേന്ദ്രങ്ങളിലാണെങ്കിൽ ആ കുഴപ്പമുണ്ടാവില്ല. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പുതുതായി വ്യവസായങ്ങൾ തുടങ്ങാൻ തീരുമാനിച്ചതിൻെറ കാരണങ്ങളിലൊന്നാണതും.


ഒന്നാം പദ്ധതി പൂർത്തിയായപ്പോൾ അതിനെക്കാൾ വലിയ മറെറാരു പദ്ധതി ആരംഭിച്ചു. രണ്ടാം പദ്ധതിയിൽ വ്യവസായവികസനത്തിന്ന് മറെറല്ലാ പ്രശ്നങ്ങളെക്കാളും മുൻഗണന നൽകിയിരുന്നു. സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥിതി സൃഷ്ടിക്കുകയെന്ന ലക്ഷ്യം സ്വീകരിച്ചതോടെ



പൊതുമേഖലക്ക് കൂടുതൽ പ്രാധാന്യം ലഭിച്ച കാര്യം മുൻപു തന്നെ പറഞ്ഞല്ലോ. ഒന്നാംപദ്ധതിയിൽ വ്യവസായങ്ങൾക്കും ഖനനത്തിനുമായി 74 കോടി രൂപാ നീക്കിവെച്ചപ്പോൾ

രണ്ടാം പദ്ധതിയിൽ ആ ഇനത്തിന്ന് 900 കോടി ക്രൂപായാണ് നീക്കിവെച്ചതു്. എന്നാൽ സ്വകാര്യമേഖലക്ക് വ്യവസായവികസനത്തിനുള്ള പ്രധാനപ്പെട്ട പങ്കിന്ന് കുറവൊന്നുമുണ്ടായില്ല. ഒന്നാം പദ്ധതിക്കാലത്തു് സ്വകാര്യമേഖലയിൽ 233 കോടി ക്രൂപായാണ് നിക്ഷേപിക്കപ്പെട്ടതെങ്കിൽ രണ്ടാം പദ്ധതിയിൽ അതു് 675 കോടി ക്രൂപയായി.

രണ്ടാം പദ്ധതിയിലെ ഏററവും വലിയ നേട്ടം പൊതുമേഖലയിൽ പല അടിസ്ഥാനവ്യവസായങ്ങളും തുടങ്ങിയതും വൻതോതിൽ ഖനനം വികസിപ്പിച്ചതുമാണ്. മൂന്നു ഉരുക്കു നിർമ്മാണശാലകൾ സ്ഥാപിക്കപ്പെട്ടു — ഒറീസ്സയിലെ റൂർക്കേലയിലും മദ്ധ്യപ്രദേശത്തിലെ ഭീലായ്യിലും പശ്ചിമബംഗാളിലെ ദുർഗ്ഗാപൂരിലും. ഓരോന്നും പ്രതിവർഷം 10 ലക്ഷം ടൺ ഉരുക്കു നിമ്മിക്കാൻ കഴിവുള്ളവയാണ്. രണ്ടാം പദ്ധതിക്കാലത്തുതന്നെ ഇവയിലെല്ലാം ഉൽപ്പാദനമാരംഭിച്ചു.



ബീഹാറിലെ സിന്ധ്റിയിൽ ആരംഭിച്ച വളം നിമ്മാണശാലക്കു പുറമെ മൂന്നു് പുതിയ വളം നിമ്മാണശാലകൾ കൂടി രണ്ടാം പദ്ധതിക്കാലത്തു് ആരംഭിക്കുകയുണ്ടായി — റൂർകേല, നംഗൽ, നെയ്‌വേലി എന്നിവിടങ്ങളിൽ. 1961-ൽ നംഗൽ ഫാക്ടറിയിൽ ഉൽപ്പാദനം തുടങ്ങി. സിന്ധ്റിയിലും നംഗലിലും ഇതേവരെയായി 100 കോടി ക്രൂപാ വിലക്കുള്ള വളം നിമ്മിക്കപ്പെട്ടിട്ടുണ്ടു്.

രണ്ടാം പദ്ധതിക്കാലത്തു് ഘനവൈദ്യുതോപകരണങ്ങൾ നിർമ്മിക്കാൻവേണ്ടി ഭോപാലിൽ ഒരു ഫാക്ടറിയും ആരംഭിച്ചു. അടുത്ത കാലത്തു് അവിടെയും ഉൽപ്പാദനം തുടങ്ങി. അവിടെ പ്രതിവർഷം 25 കോടി രൂപാ വിലക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കാൻ സാധിക്കും.

പൊതുമേഖലയിലെ മറെറാരു നേട്ടമാണു് ബംഗളൂരിൽ ആരംഭിച്ച വാച്ചുനിർമ്മാണശാല. വില കുറഞ്ഞ നല്ലയിനം വാച്ചുകൾ ഈയ്യിടെ അവിടെ നിർമ്മിച്ചു പുറത്തുവിടുകയുണ്ടായി.

രണ്ടാം പദ്ധതിക്കാലത്തു് സ്വകാര്യമേഖലയിലുണ്ടായ നേട്ടങ്ങളും തൃപ്തികരമാണു്. സൈക്കിൾ, ഫാൻ, വൈദ്യുതവിളക്കുകൾ, തയ്യൽമെഷീൻ, കടലാസ്, ഗ്ലാസ്, റബ്ബർ സാധനങ്ങൾ, സിമൻറു് തുടങ്ങിയവയുടെ ഉൽപ്പാദനം ഗണ്യമായി അഭിവൃദ്ധിപ്പെട്ടു. ഒന്നും രണ്ടും പദ്ധതിക്കാലങ്ങളിലാരംഭിച്ച 60 വ്യവസായ എസ്റ്റേററുകളിൽ പലതരം വ്യവസായങ്ങൾ വളന്നുകൊണ്ടിരിക്കുകയാണു്. ഒന്നാം പദ്ധതി ആരംഭിച്ചശേഷം ഇന്ത്യയിലുണ്ടാക്കുന്ന യന്ത്രങ്ങളുടെ വില മുമ്പത്തെക്കാൾ പതിനൊന്നു മടങ്ങും യന്ത്രോപകരണങ്ങളുടെ വില പതിനാറു മടങ്ങും വർദ്ധിച്ചിട്ടുണ്ടു്. ഉപഭോഗസാധനങ്ങളുടെ ഉൽപ്പാദനവും ഗണ്യമായി വദ്ധിച്ചിരിക്കുന്നു. 1950-ൽ ആളോഹരി 9 വാരവച്ചു കിട്ടാൻ മാത്രമുള്ള വസ്ത്രമാണു് നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ 1961-ൽ അതു് 15 വാരയായി. 10 വർഷത്തിനുമുമ്പു് 11 ലക്ഷം ടൺ പഞ്ചസാരയാണു് ഉൽപ്പാദിപ്പിച്ചിരുന്നതു്. ഇപ്പോൾ 30 ലക്ഷം ടൺ. ആസൂത്രണമാരംഭിച്ചകാലത്തു് പഞ്ചസാരദൌർലഭ്യമനുഭവിച്ചിരുന്നു. ഇപ്പോൾ പഞ്ചസാര കയററുമതി ചെയ്യുന്നു. സൈക്കിൾ ഉൽപ്പാദനം 1 ലക്ഷത്തിൽനിന്നു് പത്തരലക്ഷമായി വർദ്ധിച്ചു. റേഡി


യോ, ഫാൻ, വൈദ്യുതവിളക്കുകൾ, തയ്യൽമെഷിൻ. പെൻസിൽ, ഫൗണ്ടൻപേന, സിൽക്ക്, കടലാസ്, പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവയുടെ ഉൽപ്പാദനം അഭിവൃദ്ധിപ്പെട്ടു. ഇവയിൽ പലതും ഇപ്പോൾ മറുനാട്ടുകളിലേക്ക് കയററി അയക്കുന്നുണ്ട്.

സൂചിയും പെൻസിലും ഫൗണ്ടൻപേനയുംപോലും ഇറക്കുമതി ചെയ്തിരുന്നകാലം വളരെ പണ്ടല്ല. ഇന്നു് കപ്പലും വിമാനവും ടെലിഫോണും കേബിളും വിലപ്പെട്ട ഔഷധങ്ങൾ പോലും നാം ഇവിടെ നിർമ്മിക്കുന്നുണ്ട്. വ്യാവസായികരംഗത്തു് നമുക്കു കൈവന്ന പുരോഗതി അഭിമാനകരംതന്നെയാണ്.

ധാതുവസ്തുക്കളുടെ ഖനനം അഭിവൃദ്ധിപ്പെട്ടത്തിയില്ലെങ്കിൽ വ്യാവസായികപുരോഗതി ഉണ്ടാവില്ല. ഉദാഹരണത്തിന്നു് ഉരുക്കു വ്യവസായംതന്നെ എടുക്കുക. ഇരുമ്പും കൽക്കരിയുമില്ലാതെ ഉരുക്കുനിർമ്മാണം സാധ്യമല്ല. മാംഗനീസ്, ചുണ്ണാമ്പുകല്ല്, തുടങ്ങിയവയും അതിനാവശ്യമാണ്. അലൂമിനിയവ്യവസായത്തിന്നു് ചുണ്ണാമ്പും ജിപ്സവും വേണം. രാസവളമായ അമോണിയം സൽഫേററ് നിർമ്മിക്കാനും ജിപ്സം കൂടിയേ കഴിയൂ. വൈദ്യുതോപകരണവ്യവസായത്തിന്നു് അഭ്രം ആവശ്യമാണ്. ചെമ്പ്, നാകം, ഈയ്യം, നിക്കൽ തുടങ്ങിയ ധാതുവസ്തുക്കളും പല വ്യവസായങ്ങൾക്കുമാവശ്യമുള്ള അസംസ്കൃത സാധനങ്ങളാകുന്നു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് രാജ്യത്തിൻെറ ധാതുസമ്പത്തിനെക്കുറിച്ച് നമുക്ക് വേണ്ടത്ര അറിവുണ്ടായിരുന്നില്ല. എന്നാൽ പഞ്ചവത്സരപദ്ധതിയുടെ ഭാഗമെന്നനിലക്ക്, കൽക്കരി, ഇരുമ്പ്, മററു് ലോഹങ്ങൾ എന്നിവയുടെ നിക്ഷേപത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ ആരംഭിച്ചു. രണ്ടാം പദ്ധതിക്കാലത്തു് എല്ലാ ധാതുവസ്തുക്കളുടെയും ഖനനം ഗണ്യമായി അഭിവൃദ്ധിപ്പെട്ടു.

ഇതേവരെ ഇവിടെ പരാമർശിക്കപ്പെടാത്ത ഒരു ഖനിജ വസ്തുവുണ്ട് — എണ്ണ. "ദ്രാവകരൂപത്തിലുള്ള സ്വർണ്ണം' എന്നാണ് എണ്ണയെക്കുറിച്ച് പറയാറ്; അത്രക്ക് പ്രാധാന്യമുള്ള ഒന്നാണതു്. ക്രൂഡായിലിൽനിന്ന് പെട്രോൾ, മണ്ണെണ്ണ തുടങ്ങിയവ നിർമ്മിക്കാൻവേണ്ടി മൂന്ന് പുതിയ എണ്ണക്കമ്പ



നികൾ ഒന്നാം പദ്ധതിക്കാലത്തു് സ്ഥാപിക്കപ്പെട്ട കാര്യം മുൻപു പറഞ്ഞല്ലോ. ഈ എണ്ണ ശുദ്ധീകരണശാലകൾക്കു് ക്രൂഡായിൽ വിദേശത്തുനിന്ന് വരുത്തേണ്ടിയിരുന്നു. നമ്മുടെ നാട്ടിൽ ആസാമിൽ മാത്രമാണ് കുറഞ്ഞ തോതിലെങ്കി

ല്വം ക്രൂഡായിൽ ഉൽപ്പാദിപ്പിച്ചിരുന്നതു്. രണ്ടാം പദ്ധതി ക്കാലത്തു് എണ്ണ നിക്ഷേപം കണ്ടെത്താനുള്ള വിപുലമായൊ രന്വേഷണപരിപാടി നടപ്പാക്കുകയുണ്ടായി. ഭാഗ്യവശാൽ ചില എണ്ണപ്പാടങ്ങൾ കണ്ടെത്തി. ഗുജറാത്തിലെ കാംബേ-അങ്ക്ളേശ്വർ പ്രദേശവും ആസാമിലെ നഹാർ കട്ടിയായും പുതുതായി കണ്ടുപിടിക്കപ്പെട്ട എണ്ണപ്പാടങ്ങളാണ്. കൂടുത ലായി ഉൽപ്പാദിപ്പിക്കുന്ന ക്രൂഡായിൽ ശുദ്ധി ചെയ്തെടുക്കാൻ വേണ്ടി പൊതുമേഖലയിൽ മൂന്ന് ശുദ്ധീകരണശാലകൾകൂടി സ്ഥാപിക്കാൻ രണ്ടാം പദ്ധതിയുടെ അവസാനം തീരുമാനി ക്കപ്പെട്ടു. ആസാമിലെ നൂൻമതിയിലും ബിഹാറിലെ ബ റോണിയിലും ഗുജറാത്തിലും. നൂൻമതിയിൽ ഇതിനകം തന്നെ ഉൽപ്പാദനമാരംഭിച്ചു കഴിഞ്ഞു.

വ്യവസായം, ഖനനം എന്നീ രംഗങ്ങളിലുണ്ടായ ഉൽ പ്പാദനപുരോഗതിക്ക് പുറമെ, വ്യവസായങ്ങൾ നാട്ടിന്റെ നാനാഭാഗങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിലും കഴിഞ്ഞ പദ്ധ തിക്കാലത്തുണ്ടായ നേട്ടങ്ങൾ തൃപ്തികരമാണ്. വ്യവസായ ങ്ങൾ ഏതാനും ചില സ്ഥലങ്ങളിൽ മാത്രമായി കേന്ദ്രീകരി ച്ചാലുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചു് മുൻപുതന്നെ പറഞ്ഞു. വ്യാവസായികമായി പിന്നണിയിൽ നിന്നിരുന്ന മധ്യഭാരത പ്രദേശത്തിന്ന് ഭീലായിലെ ഉരുക്കുനിർമ്മാണശാലയുടേയും ഭോപ്പാലിലെ എലക്ട്രിക്കൽ എക്വിപ്മെന്റ് ഫാക്ടറിയുടേ യും ആവിർഭാവം പ്രയോജനപ്പെട്ടു. കൽക്കരി ഖനനവിക സനം ആന്ധ്റാപ്രദേശത്തിന്റേയും മധ്യപ്രദേശത്തിന്റേയും അഭിവൃദ്ധിക്കു കാരണമായി. ഒറീസക്ക് റൂർക്കേലയിലെ ഉരുക്ക്, വളം നിർമ്മാണവ്യവസായങ്ങളും ഹിറാക്കുഡിലെ അലൂമിനിയം ഫാക്ടറിയും മററു വ്യവസായങ്ങളും പ്രയോജ നപ്പെട്ടിട്ടുണ്ട്. നൂൻമതിയിലെ എണ്ണശുദ്ധീകരണശാലയും എണ്ണ കയററി അയക്കാനുള്ള ട്രാൻസ്പോർട്ട് വ്യവസായങ്ങ ളും ആസാമിന്ന് അഭിവൃദ്ധി കൈവരുത്തുന്നു. മദ്രാസിലെ

ലിഗൈനററ് പദ്ധതി, ബീഹാറിലെ റാഞ്ചിയിലുള്ള ഹെവി മെഷിനറി പ്ലാൻറ് തുടങ്ങിയവ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി നടപ്പാക്കിയ സംരംഭങ്ങൾക്കു തെളിവാണ്.

കഴിഞ്ഞ പത്തുവർഷക്കാലത്തുണ്ടായ നേട്ടങ്ങൾ കൂടുതൽ വിപുലമായ പരിപാടികൾ മൂന്നാം പദ്ധതിയിലുൾക്കൊള്ളിക്കാനുള്ള ശക്തിയും ധൈര്യവും നമുക്കു നൽകി. മൂന്നാം പദ്ധതിയിലെ വ്യവസായ, ഖനനപരിപാടികൾക്ക് 3000 കോടി രൂപാ ചിലവാകും. ഇതിൽ 1808 കോടി രൂപാ പൊതുമേഖലയിലും 1185 കോടി രൂപാ സ്വകാര്യമേഖലയിലുമാണ് നിക്ഷേപിക്കപ്പെടുന്നത്. ഒന്നും രണ്ടും പദ്ധതിക്കാലങ്ങളിൽ വ്യവസായത്തിനും ഖനനത്തിനും ചിലവായ തുകയിലധികം മൂന്നാം പദ്ധതിയിൽ ആ ഇനത്തിന്നു ചിലവാകുമെന്നു് ഇതിൽനിന്നു് മനസ്സിലാകും.

വ്യാവസായികോൽപ്പാദന സൂചിക പദ്ധതി ആരംഭിക്കുന്നകാലത്തു് 100 ആയിരുന്നെങ്കിൽ 1955-'56-ൽ അതു് 139 ആയും 1960-'61-ൽ അതു് 194 ആയും ഉയന്നിട്ടുണ്ട്. 1965-'66-ൽ അതു് 329 ആയിത്തീരും.

രണ്ടാം പദ്ധതിയിലാരംഭിച്ച പരിപാടികൾ പൂത്തിയാക്കുന്നതിനാണ് മൂന്നാം പദ്ധതിയിൽ മുൻഗണന നൽകീട്ടുള്ളതു്. കൂടാതെ യന്ത്രോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാവവ്യവസായങ്ങളും മൂന്നാം പദ്ധതിയിൽ വികസിപ്പിക്കുന്നതാണ്.

ഉരുക്കുൽപ്പാദനം പ്രതിവഷം 100 ടണ്ണായിത്തീരും, മൂന്നാം പദ്ധതിയുടെ അവസാനഘട്ടത്തിൽ. ഒന്നാം പദ്ധതി ആരംഭിക്കുമ്പോൾ ഇതു് 10 ടൺ മാത്രമായിരുന്നു. തൃപ്തികരമാണ് ഈ പുരോഗതിയെങ്കിലും വ്യാവസായികാഭിവൃദ്ധി കൈവന്ന രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ നില വളരെ പിന്നിലാണ്. അമേരിക്ക പ്രതിവർഷം 1000 ടണ്ണും സോവ്യററ് യൂണിയൻ 600 ടണ്ണും ബ്രിട്ടനും പശ്ചിമ ജർമ്മനിയും 200 ടൺ വീതവും ഉരുക്കുൽപ്പാദിപ്പിക്കുന്നുണ്ട്.

മൂന്നാം പദ്ധതിക്കാലത്ത് ഉരുക്കുൽപ്പാദനം വികസിപ്പിക്കാൻ വേണ്ടി ഭിലായ്, റൂർക്കേല, ദുർഗാപ്പൂർ എന്നീ നിർമ്മാണശാലകളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതും ബീഹാറിലെ ബൊക്കാറോവിൽ ഒരു ഫാക്ടറികൂടി സ്ഥാപിക്കുന്നതുമാണ്.

ഇപ്പോൾ വലിയ കപ്പലുകൾ നിർമ്മിക്കുന്ന ഒരു കേന്ദ്രമേ ഇന്ത്യയിലുള്ളു — വിശാഖപട്ടണം. മൂന്നാം പദ്ധതിയിൽ അതു വികസിപ്പിക്കുന്നതിനു പുറമെ കൊച്ചിയിൽ ഒരു കപ്പൽ നിർമ്മാണശാലകൂടി തുടങ്ങുന്നതുമായിരിക്കും.

മോട്ടോർ സൈക്കിൾ, സ്കൂട്ടർ എന്നിവയുടെ ഉൽപ്പാദനം പ്രതിവർഷം 60000 ആയും മോട്ടോർ കാറുകളുടെ ഉൽപ്പാദനം 1 ലക്ഷമായും വർദ്ധിക്കും.

കഴിഞ്ഞ ഏതാനും വർഷത്തിനുള്ളിൽ രാസവളങ്ങൾക്കു ലഭിച്ചിട്ടുള്ള പ്രചാരം കുറച്ചൊന്നുമല്ല. രാസവളങ്ങളുടെ ആവശ്യം വർദ്ധിച്ചതനുസരിച്ച് ഉൽപ്പാദനം ഉയർത്താൻ വേണ്ടി മൂന്നാം പദ്ധതിക്കാലത്ത് കൂടുതൽ വളം നിർമ്മാണശാലകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു. മൂന്നാം പദ്ധതിയുടെ അവസാനത്തോടെ വളം നിർമ്മാണം ഇന്നത്തേതിൻെറ അഞ്ചുമടങ്ങ് വർദ്ധിക്കും.

ഔഷധനിർമ്മാണപുരോഗതിയാണ് ശ്രദ്ധേയമായ മറെറാന്ന്. മൂന്നാം പദ്ധതിക്കാലത്ത് ഉത്തരപ്രദേശ്, ആന്ധ്റാ, കേരളം എന്നിവിടങ്ങളിൽ ഓരോ ഔഷധശാലകൾ ആരംഭിക്കുന്നതാണ്.

അടിസ്ഥാനവ്യവസായങ്ങൾക്കും രാസവ്യവസായങ്ങൾക്കും പുറമെ ഒട്ടനേകം ഉപഭോഗവസ്തുവ്യവസായങ്ങൾ മൂന്നാം പദ്ധതിക്കാലത്ത് അഭിവൃദ്ധിപ്പെടുന്നതാണ്. തുണി, കടലാസ്, പഞ്ചസാര, സൈക്കിൾ റേഡിയോ എന്നുതുടങ്ങി നിത്യോപയോഗത്തിനാവശ്യമുള്ളതെന്നു കരുതാവുന്ന എത്രയോ സാധനങ്ങളുടെ ഉൽപ്പാദനം അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

---

## ഈ പരമ്പരയിൽ പെട്ട മററു ലഘുലേഖകൾ

1. പത്തു വർഷത്തെ നേട്ടങ്ങൾ
2. ഉണരുന്ന ഉൾനാട്ടുകൾ
3. കൃഷിവികസനം
4. പുരോഗതിക്കു ചില പദ്ധതികൾ
5. മൂന്നാം പദ്ധതിയുമായി പരിചയപ്പെടുക
6. പദ്ധതി എന്തിനു് ?
7. ഗോപരിപാലനം
8. സാമൂഹ്യസേവനം